അനധികൃതമായി കടത്തുന്ന സ്പിരിറ്റ്

77. ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എം. ജിനദേവൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻതോതിൽ സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടു വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ ശിക്ഷിച്ചു ?

തൊഴിൽ വകുപ്പുമന്ത്രി

(എ) അനധികൃതമായി സ്പിരിറ്റ് കടത്തുന്നു എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ കീഴിൽ, അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനുവേണ്ടി സ്പെഷ്യൽ സ്ക്വാഡുകളും മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തികളിൽ കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊണ്ടുവരികയാണ്.

(സി) 100 കേസുകൾ എടുത്തിട്ടുണ്ട്. എത്ര പേരെ ശിക്ഷിച്ചിട്ടുള്ളതിന് പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല. കിട്ടുന്ന മുറയ്ക്ക് വിവരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly